മിസ്റ്റർ പറമ്പി ലോനപ്പൻ :

(എ) ഉ ദ വ്യ.

(ബി) ഓരോ കോളനികളിലുള്ള വീടുകളുടെ വിവരം സ്റ്റോറുമെന്റ് ഫാറത്തിൽ മേശപ്പുറത്തു വെച്ചിരിക്കുന്നു.

(സി) ശരിക്കുള്ള കണക്കു എടുത്തിട്ടില്ലാത്തതിനാൽ ശരിയായ ഉത്തരം പറയുവാൻ നിവൃത്തിയില്ല.

DEPRESSED CLASSES—UNIVERSITY DEGREE HOLDERS

601. മിസ്റ്റർ എം. കെ. വർഗ്ഗീസ്സ്: താഴെ പറയുന്ന ചോദ്യത്തിന്ന് ഗവൺമെന്റ് ദയവായി മറുപടിപറയുമോ.—

അധഃകൃതരും പിന്നോക്കം നില്ക്കുന്നവരുമായ സമുദായങ്ങളിൽനിന്ന് സർവ്വകലാശാലാ ബിരുദം നേടീട്ടുള്ളവർ എത്രപേരുണ്ട്?

മിസ്റ്റർ പറമ്പി ലോനപ്പൻ : അനുബന്ധം നോക്കുക. *(Appendix VIII).*

MALIPURAM COLONY RESIDENTS

602. മിസ്റ്റർ കെ. കെ. കണ്ണൻ: താഴെപറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട ഗവൺമെന്റിൽനിന്ന് സദയം മറുപടി പറയാമോ.—

(എ) മാലിപ്പുറം കോളനി നിവാസികൾ ബ്ലോക്ക് ഔട്ട് നടത്തിയിരുന്ന കാലത്ത് ടി കോളനിയിൽനിന്നു സ്ഥലംമാറി താമസിക്കുകയുണ്ടായിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അവർക്കു അവിടെ വീണ്ടും താമസിക്കുന്നതിന്നു എന്താണു തടസ്സം?

മിസ്റ്റർ പറമ്പി ലോനപ്പൻ:

(എ) കോളനിയിൽ ബ്ലോക്ക് ഔട്ട് നടത്തുകയുണ്ടായിട്ടില്ല; എന്നാൽ യുദ്ധകാലത്ത് മിലിട്ടറിക്കാർ വെടിവെപ്പ് പരിശീലനം കോളനിയുടെ പരിസരങ്ങളിൽ നടത്തിയിരുന്നു. ടി ആവശ്യത്തിലേക്കായി കോളനിക്കാരെ തല്ക്കാലത്തേക്കു ഒഴിച്ചുമാറ്റുന്ന പതിവുണ്ടായിരുന്നു.

(ബി) മാറിപ്പോയവർ അപ്പപ്പോൾ മടങ്ങിവന്നു താമസിച്ചിട്ടുണ്ട്. ഇനിയും വല്ലവരും വന്നു താമസിക്കാതെ ഉണ്ടെങ്കിൽ ഇപ്പോൾ വന്നു താമസിക്കുന്നതിന്നു യാതൊരു വിരോധവുമില്ല.

PETITIONS FROM DEPRESSED CLASSES—COURT FEES—REMISSION OF

603. മിസ്റ്റർ കെ. കൊച്ചുകുട്ടൻ: താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട ഗവൺമെന്റിൽനിന്നു സദയം മറുപടി പറയുമോ.—

(എ) അധഃകൃതർ വകുപ്പധ്യക്ഷന്മാർക്കോ ഗവൺമെന്റിനു നേരിട്ടുതന്നെയോ ഹർജികൾ അയക്കുമ്പോൾ സ്റ്റാമ്പു ഒട്ടിക്കേണ്ടതില്ല എന്ന ഒരു സർക്കുലർ ഗവൺമെന്റിൽനിന്നു പുറപ്പെടുവിച്ചിട്ടില്ലെ, ഉണ്ടെങ്കിൽ എന്തു;

(ബി) ആ കല്പനക്കു വല്ലതും മാറ്റം ഗവൺമെന്റിൽനിന്നും വരുത്തിയിട്ടുണ്ടോ;

(സി) യാതൊരു മാറ്റവും വരുത്തിയിട്ടില്ലെങ്കിൽ വകുപ്പധ്യക്ഷന്മാർ ആ കല്പന അനുസരിക്കാറുണ്ടോ; ഇംല്ലെങ്കിൽ അതിനു പ്രത്യേക കാരണം എന്തു?

മിസ്റ്റർ പറമ്പി ലോനപ്പൻ :

(എ) ഇല്ല; എങ്കിലും അധഃകൃതർ ഹരജികളിൽ സ്റ്റാമ്പു ഒട്ടിച്ചിട്ടില്ലെങ്കിൽ ആ ഹരജികൾ വകുപ്പധ്യക്ഷന്മാരുടെ യുക്തംപോലെ അപേക്ഷകരുടെ സ്ഥിതി അനുസരിച്ചു സ്വീകരിക്കുകയോ സ്വീകരിക്കാതിരിക്കയോ ചെയ്യാമെന്ന കല്പന പുറപ്പെടുവിച്ചിട്ടുണ്ട്; ഉത്തരവു ആഗസ്റ്റ് മു-ാംനു-യിൽ.

(ബി) ഇല്ല.

(സി) മേൽക്കാണിച്ച ഉത്തരങ്ങളാൽ ഉത്തരം ആവശ്യമില്ല.

LIBRARY ARCHIVES Kerala Legislative Assembly